"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- മുനിസിപ്പൽ കോമൺ സർവ്വീസ്- തളിപ്പറമ്പ് നഗരസഭയിലെ സീനിയർ ക്ലർക്കായ ശ്രീ. ലക്ഷ്മണൻ.എം.പി.യ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1366/2026/LSGD തീയതി,തിരുവനന്തപുരം, 27-07-2026

---

പരാമർശം:-
1. ശ്രീ. ലക്ഷ്മണൻ.എം.പി. സമർപ്പിച്ച അവധി അപേക്ഷകൾ
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.04.2026 തീയതിയിലെ LSGD/PD/25438/2025-DEC2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തളിപ്പറമ്പ് നഗരസഭയിലെ സീനിയർ ക്ലർക്കായ ശ്രീ. ലക്ഷ്മണൻ.എം.പി.യ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിൽമേൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും പരാമർശം 2 കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. ശ്രീ. ലക്ഷ്മണൻ.എം.പി.ക്ക് അപകടം സംഭവിച്ചതുമായി ബന്ധപ്പെട്ട് 09.10.2024 മുതൽ 31.10.2024 വരെ ആർജിതാവധിയും 01.11.2024 മുതൽ 30.11.2024വരെ പരിവർത്തനാവധിയും തുടർന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിൽമേൽ 01.12.2024 മുതൽ 30.03.2025 വരെ 120 ദിവസം ശൂന്യവേതനാവധിയും നഗരസഭാസെക്രട്ടറി അനുവദിച്ചിരുന്നതായും, തുടർന്ന് 31.03.2025 മുതൽ 31.08.2025 വരെയുള്ള ദിവസംകൂടി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവധി അനുവദിക്കുന്നതിന് അപേക്ഷ നൽകിയിരുന്നു. ടിയാന്റെ ശൂന്യവേതനാവധി 180 ദിവസത്തിൽ അധികരിക്കുന്നതിനാൽ നഗരസഭാസെക്രട്ടറി അനുവദിച്ച 01.12.2024 മുതൽ 30.03.2025 വരെയുള്ള 120 ദിവസത്തെ ശൂന്യവേതനാവധി 20.02.2026 തീയതിയിലെ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതായും അവധിക്കുശേഷം 01.09.2025 ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സഹിതം സേവനത്തിൽ പുനപ്രവേശിച്ചിട്ടുള്ളതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തളിപ്പറമ്പ് നഗരസഭയിലെ സീനിയർ ക്ലർക്കായ ശ്രീ. ലക്ഷ്മണൻ.എം.പി.യ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ ഭാഗം 1 റൂൾ 88 പ്രകാരം 01.12.2024 മുതൽ 31.08.2025 വരെയുള്ള 274 ദിവസത്തെ ശൂന്യവേതനാവധി അവധി അപേക്ഷയിൽ സർക്കാർ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളത്.

4. മേൽ സാഹചര്യത്തിൽ തളിപ്പറമ്പ് നഗരസഭയിലെ സീനിയർ ക്ലർക്കായ ശ്രീ. ലക്ഷ്മണൻ.എം.പി. ക്ക് 01.12.2024 മുതൽ 31.08.2025 വരെ 274 ദിവസം കെ.എസ്.ആർ ഭാഗം

1 റൂൾ 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ ,കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, തളിപ്പറമ്പ് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന )
ശ്രീ. ലക്ഷ്മണൻ.എം.പി,സീനിയർ ക്ലർക്ക് ,തളിപ്പറമ്പ് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 28-07-2026
10:30:20
സെക്ഷൻ ഓഫീസർ